**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - 18-07-2018-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി തീരുമാനങ്ങൾ - പള്ളം ബ്ലോക്ക് പഞ്ചായത്ത് 2015-16 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ബ്ലോക്ക് പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങളെപ്പറ്റി ഡോക്യുമെന്ററി നിർമ്മിച്ചത്- പ്രതിഫലത്തുക നൽകാൻ അനുമതി നൽകി ഉത്തരവാകുന്നു.

**തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്**

**സ.ഉ.(സാധാ) നം.2195/2018/ത.സ്വ.ഭ.വ** **തീയതി,തിരുവനന്തപുരം, 08/08/2018**

പരാമർശം:- 1. ഗ്രാമവികസന കമ്മീഷണറുടെ 09.04.2018-ലെ 4377/ഡി.പി.5 /2018/സി.ആർ.ഡി.നമ്പർ കത്ത്

2. പള്ളം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 16.02.2018-ലെ ബി-1626/15 നമ്പർ കത്ത്

3. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 27.06.2018-ലെ തീരുമാനം നം.4.18.

4. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 18.07.2018-ലെ തീരുമാനം നം. 2.3-ലെ ഖണ്ഡിക നം. 4.18.

**<u>ഉത്തരവ്</u>**

കോട്ടയം ജില്ലയിലെ പള്ളം ബ്ലോക്ക് പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾ ജനങ്ങളിലേക്ക് എത്തിക്കുന്നതിന്റെ ഭാഗമായി 2015-16 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 85,000/- രൂപ അടങ്കൽ തുകയിൽ ഒരു ഡോക്യുമെന്ററി (പ്രോ.നം.88/16) തയ്യാറാക്കിയിരുന്നു. പ്രോജക്ടിന് ജില്ലാ ആസൂത്രണ സമിതിയുടെയോ സർക്കാരിന്റെയോ അനുമതി വാങ്ങാതിരുന്നതിനാൽ ഡോക്യുമെന്ററി തായ്യാറാക്കിയ വ്യക്തിക്ക് പ്രതിഫലം നൽകിയിരുന്നില്ല. പ്രതിഫലത്തുക നൽകാൻ അനുവാദം നൽകണമെന്ന ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ അപേക്ഷയും ഗ്രാമവികസനകമ്മീഷണറുടെ ശിപാർ ശയും 27.06.2018-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയോഗം പരിഗണിക്കുകയും അഡീഷണൽ ഡവലപ് മെന്റ് കമ്മീഷണർ ഡോക്യുമെന്ററി നേരിട്ട് പരിശോധിച്ച് റിപ്പോർട്ട് നൽകാൻ നിർദ്ദേശിക്കുകയും ചെയ്തു. നേരിട്ടുള്ള പരിശോധനയ്ക്ക് ശേഷം നല്ല രീതിയിലാണ് ഡോക്യുമെന്ററി തയ്യാറാക്കിയിരിക്കുന്നതെന്ന് ഗ്രാമവികസന കമ്മീഷണർ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ തുക നൽകാൻ 18.07.2018-ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗം പരാമർശം (4) പ്രകാരം അനുമതി നൽകി..

2. മേൽ സാഹചര്യത്തിൽ, പള്ളം ബ്ലോക്ക് പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾ

ജനങ്ങളിലേക്ക് എത്തിക്കുന്നതിന്റെ ഭാഗമായി ബ്ലോക്ക് പഞ്ചായത്ത് 2015-16 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഡോക്യുമെന്ററി തയ്യാറാക്കിയ ഇനത്തിലെ പ്രതിഫലത്തുക ബന്ധപ്പെട്ട വ്യക്തിക്ക് നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**മിനിമോൾ ഡി**
**ഡെപ്യൂട്ടി സെക്രട്ടറി**

പകർപ്പ്

പ്രസിഡണ്ട്/സെക്രട്ടറി, പള്ളം ബ്ലോക്ക് പഞ്ചായത്ത്, കോട്ടയം

ശ്രീ.ജോബിൻ ജോൺ, കക്കാട്ടുചിറയിൽ, ചാന്നാനിക്കാട് പി.ഒ., കോട്ടയം

ഗ്രാമ വികസന കമ്മീഷണർ,തിരുവനന്തപുരം

ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

ത.സ്വ.ഭ.(ഡി.എ)വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by SHAJI T R
Date: 2018 12:13:28 IST
Reason: Approved

സെക്ഷൻ ഓഫീസർ